(ബി) 110 കെ.വി. സ്റ്റേഷനാക്കി ഉയർത്തുന്നതിനുള്ള നടപടിക്രമം ത്വരിതപ്പെടുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊടുങ്ങല്ലൂർ 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തുന്നതിന് കൊടകരയിൽ നിന്നും ഇരിങ്ങാലക്കുടയിലേക്കും അവിടെ നിന്ന് കൊടുങ്ങല്ലൂരിലേക്കും ഉള്ള 110 കെ.വി. ലൈനിന്റെ നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. ബോർഡിന്റെ ഇപ്പോഴത്തെ പദ്ധതി അനുസരിച്ച് പ്രസ്തുത ലൈനുകളുടെ ജോലി 2002-ൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. അതിനുശേഷം കൊടുങ്ങല്ലൂർ സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്ന ജോലി തുടങ്ങാൻ സാധിക്കും.

ഇടപ്പോൺ കായംകുളം 110 കെ.വി. ലൈൻ

104 (1256) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടപ്പോൺ കായംകുളം 110 കെ.വി. ലൈൻ വലിക്കുന്നതിന്റെ ഭാഗമായി രണ്ടാംഘട്ടത്തിൽ വെട്ടിമാറ്റിയ വൃക്ഷങ്ങളുടെ കോമ്പൻസേഷൻ നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവർക്ക് നഷ്ടപരിഹാരം നൽകുന്നതിന്റെ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(സി) നഷ്ടപരിഹാര തുക ഈ സർക്കാരിന്റെ കാലത്തുതന്നെ നൽകുന്നതിന് നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) രണ്ടാംഘട്ടത്തിലെ 117 കേസുകൾ നിലവിലുണ്ട്. അതിൽ 26 കേസുകളിലായി 3,14,252 രൂപയുടെ ഡി.ബി.എസ്. (നഷ്ടപരിഹാര പട്ടിക) പാസ്സായി. 7 കേസുകളിലായി 74,057 രൂപയുടെ ഡി.ബി.എസ്. സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ പരിശോധിച്ചുവരുന്നു. ബാക്കി 84 കേസുകളിൽ അവാർഡ് എൻക്വയറി, ഡി.വി.എസ്. തയ്യാറാക്കൽ തുടങ്ങിയ നടപടികൾ എടുത്തുവരുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കഴിയുന്നതും വേഗം നഷ്ടപരിഹാരതുക കൊടുത്തുതീർക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആലപ്പുഴ നഗരത്തിലെ വോൾട്ടേജ് ക്ഷാമം

105 (1257) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly